(ഇ) ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ താരതമ്യേന പുതുതായി ഏർപ്പെടുത്തപ്പെട്ട സ്ഥാപനങ്ങളാകയാൽ അവിടങ്ങളിൽ ക്രമമായ വാർഷിക ഓഡിറ്റിനുള്ള സംവിധാനം ഏർപ്പെടുത്തി വരുന്നതേയുള്ളൂ.

385 (1578) കെട്ടിടത്തിന് നമ്പരിട്ടുനൽകുവാൻ നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലശ്ശേരി പഞ്ചായത്തിലെ ശ്രീ. ഗോപിനാഥൻ, തൂവാന, പെരുവല്ലൂർ എന്നയാൾ 1990-ൽ പണി ആരംഭിച്ചതും 96-ൽ മാത്രം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളതുമായ കെട്ടിടത്തിന് പഞ്ചായത്ത് അധികൃതർ നമ്പരിട്ട് കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സർക്കാർ ഹിയറിംഗിന് വിളിച്ചിട്ടും ഹാജരാകാത്ത പഞ്ചായത്തു സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ എന്തു നടപടി സ്വീകരിച്ചു;

(സി) കെട്ടിടനിർമ്മാണ ചട്ടം നടപ്പാക്കുന്നതിനുമുൻപ് പണിത ശ്രീ. ഗോപിനാഥന്റെ വീടിന് നമ്പരിട്ടു കൊടുക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രീ. ഗോപിനാഥൻ 12.4.1996-ൽ നമ്പരിടുന്നതിന് അപേക്ഷ മുല്ലശ്ശേരി പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു. എന്നാൽ 1990-ൽ പണി ആരംഭിച്ചതിന് യാതൊരു രേഖയും ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ കെട്ടിട നമ്പർ നൽകിയിട്ടില്ല.

(ബി) ഹിയറിംഗിന്റെ നോട്ടീസ് യഥാസമയം ലഭിച്ചിരുന്നില്ല എന്നു സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കും.

386 (1579) ജനകീയാസൂത്രണത്തിൽ ലോക്കൽ ബോഡികളുടെ വിഹിതം

ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിൽ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ ലോക്കൽ ബോഡികളുടെ വിഹിതം 1997-98, 1998-99 എന്നീ വർഷങ്ങളിൽ എത്ര വീതമായാണ് നിശ്ചയിച്ചിരുന്നത്;

(ബി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുകയ്ക്കുള്ള വിഹിതം സംഭാവന ചെയ്തിട്ടുണ്ട്.

(സി) ഇതിൽ പണമായും ശ്രമദാനമായും മറ്റുവിധത്തിലും എന്തു തുകവീതം സംഭാവന നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നുവോ; എങ്കിൽ അവ ഏതെല്ലാം;

(ഇ) ഇതനുസരിച്ചാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) 1997-98, വാർഷിക പദ്ധതിയിൽ ആകെ വകയിരുത്തിയിരുന്ന അടങ്കൽ തുകയുടെ 5.84 ശതമാനവും 1998-99-ൽ 1/9.19 ശതനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വിഹിതമായി കണക്കാക്കിയിട്ടുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്. പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവയ്ക്ക് മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) പ്രസക്തമല്ല.

387 (T1580) പെർഫോർമൻസ് ആഡിറ്റ്

ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികളെടുക്കുവാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്;

(ബി) കേരള പഞ്ചായത്ത് ആക്ട് പ്രകാരം എന്തൊക്കെ സംവിധാനമാണ് വേണ്ടത്;

(സി) എത്ര ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിച്ചു;

(ഡി) എത്ര എണ്ണത്തിൽ നടപടികൾ സ്വീകരിക്കാനുണ്ട്;

(ഇ) നടപടികളെടുക്കുന്നതിന് പ്രത്യേക ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-ലെ കേരള പഞ്ചായത്ത്രാജ് (പരിശോധനാരീതിയും, ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾപ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുകയും അവയിൽ പോരായ്മകളോ തെറ്റുകളോ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് രേഖാമൂലം നിർദ്ദേശം നൽകുകയും, അതിന്മേൽ സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ മേൽനടപടി എടുക്കുകയും ചെയ്യുന്നു. ഗുരുതരമായ വീഴ്ചകളോ, ക്രമക്കേടുകളോ കണ്ടെത്തിയാൽ സർക്കാർതലത്തിൽ നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly